# ഫെഡറൽ മജിസ്ട്രേറ്റ് കോടതി നടത്തുന്ന കുടിയേറ്റ തീർപ്പിന്റെ പുനരവലോകനം

## ഈ ലഘുലേഖ ആർക്കുള്ളതാണ്?

ഓസ്ട്രേലിയൻ ഫെഡറൽ മജിസ്ട്രേറ്റ് കോടതി (Federal Magistrates Court of Australia) -- കോടതി -- വിസയുമായി ബന്ധപ്പെട്ട തീർപ്പുകൾ പുനരവലോകനം ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർക്ക് വേണ്ടിയാണ് ഈ ലഘുലേഖ.

## കോടതിക്ക് എന്തൊക്കെ തീർപ്പുകൾ പുനരവലോകനം ചെയ്യാം?

*കുടിയേറ്റ നിയമം 1958 (Migration Act 1958)* ന് അനുസരിച്ച് കൽപ്പിക്കപ്പെട്ട ചില തീർപ്പുകൾ പുനരവലോകനം ചെയ്യാൻ ഈ കോടതിയ്ക്കാവും. കുടിയേറ്റ മന്ത്രി, അഭയാർത്ഥി പുനരവലോകന ട്രിബ്യൂണലിന്റെ (Refugee Review Tribunal) അംഗങ്ങൾ, കുടിയേറ്റ പുനരവലോകന ട്രിബ്യൂണലിന്റെ (Migration Review Tribunal) അംഗങ്ങൾ എന്നിവർക്കാണ് കുടിയേറ്റ നിയമത്തിന് താഴെ തീർപ്പുകൾ കൽപ്പിക്കാൻ ഉത്തരവാദിത്തമുള്ളത്.

'ജൂറിസ്ഡിക്ഷണൽ പിശക്' ('jurisdictional error') സംഭവിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ വേണ്ടി മാത്രം കോടതി ഒരു തീർപ്പ് പുനരവലോകനം ചെയ്യാം. നിയമത്തിന് അനുസരിച്ചാണോ തീർപ്പ് കൽപ്പിച്ചിരിക്കുന്നത് എന്ന് കോടതി ഉറപ്പുവരുത്തുന്നു എന്നാണ് ഇതിനർത്ഥം.

## കോടതിക്ക് ചെയ്യാൻ കഴിയുന്നതെന്ത്?

നിങ്ങളുടെ പുനരവലോകന അപേക്ഷ വിജയകരമാണെങ്കിൽ തീർപ്പ് കൽപ്പിക്കാൻ ഉത്തരവാദപ്പെട്ട ആളുകൾക്ക് നിങ്ങളുടെ കേസ് കോടതി തിരിച്ച് റഫർ ചെയ്യും. തീർപ്പിൽ തീരുമാനമെടുക്കുന്നതിൽ നിന്ന് മന്ത്രിയെ കോടതിക്ക് വിലക്കാവുന്നതാണ്.

## കോടതിക്ക് ചെയ്യാൻ കഴിയാത്തതെന്ത്?

നിങ്ങളുടെ അപേക്ഷയുടെ യോഗ്യതകളും നിങ്ങൾക്ക് വിസ നൽകണമോ വേണ്ടയോ എന്ന കാര്യവും കോടതി പുനഃപരിഗണിക്കുന്നതല്ല.

## കോടതി സ്വതന്ത്രമാണോ?

അതെ, കുടിയേറ്റ നിയമത്തിന് താഴെ തീർപ്പ് കൽപ്പിക്കുന്ന ആളുകളിൽ നിന്ന് സ്വതന്ത്രമാണ് കോടതി.

## ആർക്കൊക്കെ അപേക്ഷിക്കാം?

തീർപ്പിൽ നിങ്ങൾക്ക് അസന്തുഷ്ടിയുണ്ടെങ്കിൽ, ജൂറിസ്ഡിക്ഷണൽ പിശക് ഉണ്ടായിട്ടുണ്ടെന്ന് വിശ്വസിക്കുന്നുണ്ടെങ്കിൽ, നിങ്ങൾക്ക് കോടതിയിൽ അപേക്ഷ നൽകാവുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പായി നിങ്ങൾ നിയമോപദേശം തേടേണ്ടതുണ്ട്.

## സ്വകാര്യമായാണോ കോടതി വിചാരണ?

പൊതുവെ കോടതി വിചാരണകൾ പരസ്യമായാണ് നടത്താറുള്ളത്. വിസ തീർപ്പിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ടതാണ് നിങ്ങളുടെ കേസെങ്കിൽ നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്താൻ കോടതിക്ക് അനുവാദമില്ല.

## സമയ പരിധി ബാധകമാണോ?

താങ്കളുടെ കുടിയേറ്റത്തെ സംബന്ധിച്ച തീർപ്പ് പുനപ്പരിശോധിക്കാനുള്ള അപേക്ഷ 35 ദിവസത്തിനകം സമർപ്പിക്കണം. കോടതി സമയപരിധി നീട്ടിത്തന്നേക്കാം. താങ്കൾക്കു സമയം നീട്ടിക്കിട്ടണമെന്നുണ്ടെങ്കിൽ താങ്കൾ അത് അപേക്ഷയിൽ പ്രത്യേകം ആവശ്യപ്പെടുകയും അതിനുള്ള കാരണം വിശദീകരിക്കുകയും വേണം.

## എന്തൊക്കെ ഫോമുകളാണ് എനിക്ക് വേണ്ടത്?

തീർപ്പിന്റെ പുനരവലോകനത്തിനായി അപേക്ഷിക്കാൻ നിങ്ങൾ ഇനി പറയുന്നവ പൂരിപ്പിക്കണം:

- അപേക്ഷാഫോറം
- അഫിഡവിറ്റ് (affidavit).

സമീപത്തുള്ള കോടതി രജിസ്ട്രിയിൽ (court registry) നിന്നും **www.fmc.gov.au** എന്ന സൈറ്റിൽ നിന്നും നിങ്ങൾക്ക് ഈ രേഖകൾ ലഭിക്കും.

തീർപ്പ് കൽപ്പിച്ചയാളിൽ നിന്ന് സംഭവിച്ചിട്ടുണ്ടെന്ന് നിങ്ങൾ വിശ്വസിക്കുന്ന ജൂറിസ്ഡിക്ഷണൽ പിശകിനെ പറ്റി നിങ്ങളുടെ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുണ്ടാവണം. ആരോപിക്കപ്പെട്ട പിശകുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ പ്രസക്ത വസ്തുതകളും സാഹചര്യങ്ങളും അഫിഡവിറ്റിൽ വിവരിക്കേണ്ടതാണ്. പുനരവലോകനം ചെയ്യേണ്ട തീർപ്പിന്റെ ഒരു കോപ്പിയും തീർപ്പിനായുള്ള കാരണങ്ങളുടെ പ്രസ്താവനയുണ്ടെങ്കിൽ അതും അഫിഡവിറ്റിനോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

## ഫോമുകളൊക്കെ ആർക്കാണ് സമർപ്പിക്കേണ്ടത്?

പൂരിപ്പിച്ചുകഴിഞ്ഞ അപേക്ഷയും അനുബന്ധ രേഖകളും കോടതിയിലാണ് സമർപ്പിക്കേണ്ടത്. സമർപ്പിച്ചുകഴിഞ്ഞതിന് ശേഷം, അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും മുദ്രവച്ച ഒരു കോപ്പി മന്ത്രിക്കും തീർപ്പ് കൽപ്പിച്ച ട്രിബ്യൂണലിനും - മിക്ക കേസുകളിലും - നൽകേണ്ടതുണ്ട്. സർവീസ് ഓഫ് ഡോക്യുമെന്റ്സ് (service of documents) എന്നാണ് ഈ നടപടി ക്രമം അറിയപ്പെടുന്നത്.

ഡിപ്പാർട്ട് മെന്റ് ഓഫ് ഇമിഗ്രേഷൻ ആൻഡ് സിറ്റിസൺഷിപ്പ് (Department of Immigration and Citizenship) - ഡിപ്പാർട്ട് മെന്റ് - വഴി രേഖകളെല്ലാം മന്ത്രിക്ക് എത്തിക്കാം. ഓരോ തലസ്ഥാന നഗരത്തിലും ഡിപ്പാർട്ട് മെന്റിന് ഓഫീസുണ്ട്. വിലാസ വിശദാംശങ്ങൾക്ക് **www.immi.gov.au** എന്ന സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ **131 881** എന്ന നമ്പറിൽ ഡിപ്പാർട്ട് മെന്റുമായി ബന്ധപ്പെടുക.

## കോടതി വിചാരണ സമയത്ത് എന്ത് സംഭവിക്കുന്നു?

നിങ്ങളുടെ വിചാരണയ്ക്കായി കോടതിയൊരു ദിവസവും സമയവും മാറ്റിവയ്ക്കും. ആദ്യ കോടതി ദിവസത്തിൽ കോടതി ഇനി പറയുന്നവയ്ക്കായി ഉത്തരവുകളോ മാർഗ്ഗനിർദ്ദേശങ്ങളോ നൽകാം:

- ഉടനടിയുള്ള വിചാരണ
- രണ്ടാമത്തെയോ അവസാനത്തെയോ വിചാരണ തീയതി
- സ്റ്റേ അല്ലെങ്കിൽ ഇടക്കാല (താൽക്കാലിക) ഉത്തരവുകൾ
- ഭേദഗതി വരുത്തിയ രേഖകളുടെ അല്ലെങ്കിൽ കൂടുതൽ രേഖകളുടെ സമർപ്പണം.

അന്തിമ വിചാരണയ്ക്ക് മുമ്പായി ഉടനടിയുള്ള വിചാരണയ്ക്കോ രണ്ടാം വിചാരണയ്ക്കോ കോടതി ഉത്തരവിട്ടാൽ, നിങ്ങളുടേത് വാദിക്കാൻ പറ്റിയ കേസാണെന്ന് (arguable case) തെളിയിക്കാൻ കോടതി നിങ്ങളോട് ആവശ്യപ്പെട്ടേക്കാം. നിങ്ങളുടേത് വാദിക്കാൻ പറ്റിയ കേസാണെന്ന് തെളിയിക്കാൻ കഴിഞ്ഞില്ലെങ്കിൽ അന്തിമ വിചാരണ കൂടാതെ കോടതി നിങ്ങളുടെ കേസ് തള്ളിക്കളയാം.

കോടതിയുടെ ഓരോ വിചാരണയിലും നിങ്ങളുടെ കേസുമായി ബന്ധപ്പെട്ട വിഷയങ്ങൾ ബോധിപ്പിക്കാൻ കോടതി നിങ്ങൾക്ക് അവസരം നൽകും. നിങ്ങൾക്ക് വക്കീലുണ്ടെങ്കിൽ അയാൾ നിങ്ങൾക്കായി സംസാരിക്കും. പൊതുവെ ഒരു വക്കീലായിരിക്കും മന്ത്രിയെ പ്രതിനിധീകരിക്കുക, വക്കീൽ കോടതിയിൽ പറയുന്നതിനോട് പ്രതികരിക്കാൻ നിങ്ങൾക്കോ നിങ്ങളുടെ വക്കീലിനോ അവസരം ഉണ്ടാവും. നിങ്ങൾ ഹാജരാവാതിരിക്കുന്നതിന് കോടതി അനുവദിച്ചിട്ടില്ലെങ്കിൽ എപ്പോൾ വിചാരണ ഉണ്ടായാലും നിങ്ങൾ കോടതിയിൽ ഹാജരായിരിക്കണം.

മിക്കപ്പോഴും അന്തിമ വിചാരണയുടെ അവസാനത്തിൽ കോടതി തീർപ്പ് പ്രഖ്യാപിക്കാറുണ്ട്. ഇല്ലെങ്കിൽ, കോടതി തീർപ്പ് പ്രഖ്യാപിക്കുന്ന തീയതി നിങ്ങളെ അറിയിക്കുന്നതാണ്.

## ഇന്റർപ്രെട്ടർമാരെ പറ്റി?

ഇന്റർപ്രെട്ടർ ടെലിഫോൺ സേവനമായ **131 450** ലേക്ക് വിളിച്ചുകൊണ്ട് നിങ്ങൾക്ക് കോടതിയെ സമീപിക്കാം. കോടതി വിചാരണ സമയത്ത് നിങ്ങൾക്ക് വേണ്ടി തർജ്ജമ ചെയ്യാൻ ഇന്റർപ്രെട്ടറെ ആവശ്യമുണ്ടെങ്കിൽ ആ വിവരം നിങ്ങളുടെ അപേക്ഷാ ഫോമിൽ സൂചിപ്പിക്കണം.

## ഞാനെന്തെങ്കിലും പണം അടയ്ക്കേണ്ടതുണ്ടോ?

അപേക്ഷ സമർപ്പിക്കുമ്പോൾ നിങ്ങൾ ഫീസ് നൽകേണ്ടതുണ്ട്, അന്തിമ വിചാരണയ്ക്കും നിങ്ങൾ ഫീസ് നൽകേണ്ടതുണ്ട്. ചില കേസുകളിൽ ഫീസ് ബാധകമല്ല. ഫീസിനെ പറ്റി വിശദമായി അറിയണം എന്നുണ്ടെങ്കിൽ കോടതിയിലെ രജിസ്ട്രി സ്റ്റാഫുമായി ബന്ധപ്പെടുക.

കോടതി നിങ്ങളുടെ അപേക്ഷ തള്ളുകയാണെങ്കിൽ ഡിപ്പാർട്ട്മെന്റിന് നേരിട്ടിട്ടുള്ള നിയമപരമായ ചെലവുകൾ നിങ്ങളിൽ നിന്ന് ഈടാക്കാൻ സാധ്യതയുണ്ട്. വിചാരണ കൂടാതെ കേസ് നിർത്തിവയ്ക്കാൻ നിങ്ങൾ അപ്പേക്ഷിക്കുകയാണെങ്കിൽ, സാധാരണയായി ഡിപ്പാർട്ട്മെന്റിന്റെ നിയമപരമായ ചെലവുകളുടെ കുറഞ്ഞ അനുപാതം നിങ്ങൾ അടയ്ക്കേണ്ടിവരും.

## ഞാനെന്റെ കേസ് പിൻവലിക്കണോ?

വേണം. അവസാന ഹിയറിംഗിന് മുമ്പുള്ള ദിവസങ്ങൾ14 നേക്കാൾ കുറവാണെങ്കിൽ, നിങ്ങളുടെ കേസ് നിർത്തി വയ്ക്കാനായി കോടതിയുടെ അനുമതി തേടേണ്ടതാണ്.

## എനിക്ക് നിയമോപദേശം ആവശ്യമുണ്ടോ?

നിങ്ങളുടെ അപേക്ഷയെ സംബന്ധിച്ച് എത്രയും പെട്ടെന്ന് തന്നെ നിങ്ങൾ നിയമോപദേശം തേടേണ്ടതാണ്. നിയമ സമായ ഓഫീസിൽ നിന്നോ സമൂഹ നിയമ കേന്ദ്രത്തിൽ നിന്നോ നിങ്ങൾക്ക് ചില സൗജന്യ ഉപദേശങ്ങൾ ലഭിച്ചേക്കാം. അല്ലെങ്കിൽ, നിങ്ങൾ സ്വന്തമായൊരു വക്കീലിനെ തെരഞ്ഞെടുക്കുകയും അദ്ദേഹത്തിന്റെ സേവനത്തിന് പണം നൽകുകയും ചെയ്യണം.

ഈ ലഘുലേഖയിൽ ഉള്ളത് പൊതുവായ വിവരങ്ങൾ മാത്രമാണ്, ഇത് നിയമോപദേശം നൽകുന്നില്ല. നിങ്ങൾക്ക് എന്തെങ്കിലും നിയമ പ്രശ്നം ഉണ്ടെങ്കിൽ എന്ത് ചെയ്യണമെന്നതിനെ പറ്റി തീരുമാനം എടുക്കുന്നതിന് മുമ്പോ കോടതിയിൽ അപേക്ഷിക്കുന്നതിന് മുമ്പോ വക്കീലിനെ സമീപിക്കേണ്ടതാണ്. ഫെഡറൽ മജിസ്ട്രേറ്റ് കോടതി (Federal Magistrates Court) നിയമോപദേശം നൽകുന്നതല്ല.